കെ. എസ്. ഐ. ഡി. സി. വ്യവസായ യൂണിറ്റുകൾക്ക് ധനസഹായം നൽകുന്ന രീതിയിൽ വരുത്തിയിട്ടുള്ള മാറ്റം

114 [1287] *ശ്രീ. എ. കെ. ബാലൻ:*

,, വി. കെ. സി. മമ്മത്കോയ:

,, കെ. രാധാകൃഷ്ണൻ:

,, സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഐ. ഡി. സി. വ്യവസായ യൂണിറ്റുകൾക്ക് ധനസഹായം നൽകുന്ന പതിവ് പ്രവർത്തനരീതിയിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ മാറ്റം വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ. എസ്. ഐ. ഡി. സി.-യുടെ ശ്രമഫലമായി സംസ്ഥാനത്ത് പുതുതായി ഏതെങ്കിലും വ്യവസായം സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുകയുണ്ടായോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കെ. എസ്. ഐ. ഡി. സി. ധനസഹായത്തോടെ സ്ഥാപിക്കപ്പെട്ട വ്യവസായ സ്ഥാപനങ്ങളിൽ ഏതിന്റെയെങ്കിലും പ്രവർത്തനം നിലച്ചുപോയിട്ടുണ്ടോ; എങ്കിൽ അവ എത്ര; നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എത്രയെന്നും ലാഭത്തിൽ പ്രവർത്തിക്കുന്നവ എത്രയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കെ. എസ്. ഐ. ഡി. സി. ധനസഹായം നൽകുന്ന രീതിയിൽ മാറ്റം വരുത്തിയിട്ടില്ല.

(ബി) ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി വ്യവസായം ആരംഭിക്കുന്നതിന് 12 സ്ഥാപനങ്ങൾക്കാണ് കെ. എസ്. ഐ. ഡി. സി. നിക്ഷേപ തീരുമാനമെടുത്തിട്ടുള്ളത്. (വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.) † അവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ. എസ്. ഐ. ഡി. സി-യുടെ പരിധിയിലുള്ള വ്യവസായ സ്ഥാപനങ്ങളൊന്നും തന്നെ പ്രവർത്തനം നിലച്ചുപോയിട്ടില്ല. 2004-2005-ലെ ബാലൻസ് ഷീറ്റുകൾ ലഭിച്ചുവരുന്നതേയുള്ളൂ യെന്നതിനാൽ അവയുടെ ലാഭനഷ്ട സ്ഥിതി ഇപ്പോൾ ലഭ്യമല്ല.

---

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം

115 [1288] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതു വരെയായി സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്രപേർക്ക് സ്ഥിരമായും താത്കാലിക വ്യവസ്ഥകളിലും നിയമനം നൽകി എന്ന് അറിയിക്കാമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

1996-1997 സാമ്പത്തികവർഷം മുതൽ 2000-2001 സാമ്പത്തികവർഷം വരെ സംസ്ഥാനത്തെ വ്യവസായരംഗത്ത് ഉണ്ടായ നിക്ഷേപങ്ങൾ

116 [1289] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-1997 സാമ്പത്തികവർഷം മുതൽ 2000-2001 സാമ്പത്തികവർഷം വരെ സംസ്ഥാനത്തെ വ്യവസായ രംഗത്ത് ഉണ്ടായ പൊതുമേഖലാ നിക്ഷേപം, സ്വകാര്യമേഖലാ നിക്ഷേപം, വിദേശ നിക്ഷേപം എന്നിവ എത്രയെന്നതു സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കുമോ;

(ബി) 2001-2002 സാമ്പത്തിക വർഷം മുതൽ നാളിതുവരെ സംസ്ഥാനത്തെ വ്യവസായ രംഗത്ത് ഉണ്ടായ നിക്ഷേപം സംബന്ധിച്ച പ്രസ്തുത രീതിയിലുള്ള വിശദമായ കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 1996-1997 സാമ്പത്തികവർഷം മുതൽ 2000-2001 സാമ്പത്തികവർഷം വരെ സംസ്ഥാനത്തെ വ്യവസായ രംഗത്ത് ഉണ്ടായ പൊതുമേഖലാ, സ്വകാര്യ മേഖല, വിദേശ നിക്ഷേപങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

	പൊതു മേഖല	*സ്വകാര്യ മേഖല*	*വിദേശ നിക്ഷേപം*
കെ. എസ്. ഐ. ഡി. സി.-യുടെ കീഴിലുള്ളവ	97.40 കോടി	1546.24 കോടി	114.00 കോടി
വ്യവസായ വകുപ്പിന്റെ കീഴിലുള്ളത്	ഇല്ല	422708 ലക്ഷം	ഇല്ല
കിൻഫ്രയുടെ ആഭിമുഖ്യത്തിൽ	ഇല്ല	100 കോടി	ഇല്ല

അനുബന്ധം VI

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 114 (1287) കാണുക]

കെ. എസ്. ഐ. ഡി. സി.—

ഇന്നത്തെ സർക്കാർ അധികാരത്തിൽ വന്നശേഷം ബോർഡ് നിക്ഷേപ തീരുമാനമെടുത്ത വ്യവസായ സ്ഥാപനങ്ങൾ

ക്രമ നമ്പർ	പദ്ധതിയുടെ പേര്	സ്ഥലം/ ജില്ല	മുതൽ മുടക്ക് (രൂ. ലക്ഷം)	തൊഴിൽ സാദ്ധ്യത (എണ്ണം)
1	ക്രിസ്റ്റിൻ ഐൽ റിസോർട്ട്സ് (പ്രൈ.) ലി.	ആലപ്പുഴ	165	20
2	നാഗാർജ്ജുന ആയുർവേദ റിട്രീറ്റ് ലി.	എറണാകുളം	506	65
3	കുഞ്ഞൂസ് ഫൈൻ ഫുഡ്സ് (പ്രൈ.) ലി.	കോട്ടയം	361	44
4	കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ. ലി.	എറണാകുളം	6000	100
5	കേരള സ്പോൺജ് അയൺ ലി.	പാലക്കാട്	2461	150
6	എം.പി.എസ്. സ്റ്റീൽ കാസ്റ്റിംഗ്സ് (പ്രൈ.) ലി.	പാലക്കാട്	7500	240
7	പ്രിൻസ് റ്റി.എം.റ്റി. സ്റ്റീൽസ് (പ്രൈ.) ലി.	പാലക്കാട്	1208	150
8	സ്റ്റീൽ മാക്സ്റോളിംഗ് മിൽസ് (പ്രൈ.)ലി.	പാലക്കാട്	706	120
9	റോസ് ഓപ്താൽമിക് ഇൻഡസ്ട്രീസ് (പ്രൈ.) ലി.	തിരുവനന്തപുരം	243	18
10	റബ്ബോ കൃഷ്ണൻ ഹെൽത്ത് കെയർ പ്രോഡക്ട്സ് (പ്രൈ.) ലി.	എറണാകുളം	155	75
11	കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലി.	എറണാകുളം	6400	30
12	വിജയാ മേറോസ്പിറ്റാലിറ്റി & റിസോർട്സ് ലി.	ഇടുക്കി	1500	96
	ആകെ		**27205**	**1108**

LIBRARY ARCHIVES Kerala Legislative Assembly